**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2124** **21-06-2024 - ൽ മറുപടിയ്ക്ക്**

**ചാവക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ചാവക്കാട് പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ? | (എ) | 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് ക്രമനമ്പർ 1103 പ്രകാരം 20% തുക (2 കോടി രൂപ) ചാവക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഏതൊക്കെ സൗകര്യങ്ങൾ (Requirements) ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിക്ക് കത്ത് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ 15.05.2024 ന് പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് ഡിവിഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത Requirements അനുസരിച്ചുള്ള പ്ലാനും, എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ